(ബി) ഗവണ്മെൻറിൽനിന്നും ഈ കേന്ദ്രങ്ങൾക്ക് ഗ്രാൻറൊന്നും കൊടുക്കുന്നില്ല. സാമൂഹ്യക്ഷേമകേന്ദ്രത്തിൻറെ നടത്തിപ്പ് പ്രോജക്ററ് ഇംപ്ലിമെൻറിംഗ് കമ്മിറ്റി വഹിക്കുന്നു. പ്രോജക്ററ് ഇംപ്ലിമെൻറിംഗ് കമ്മിറ്റിയുടെ ചെലവിൽ 25 ശതമാനം ഗവൺമെൻറാണ് നികിവരുന്നത്. സാമൂഹ്യവിദ്യാഭ്യാസകേന്ദ്രങ്ങളിലെ ആർഗനൈസർമാർക്ക് ഗവണ്മെൻറ് ശമ്പളവും കണ്ടിൻജൻസി വക ചെലവുകൾക്ക് ഒരു സംഖ്യയും കൊടുക്കുന്നുണ്ട്.

സാമൂഹ്യക്ഷേമകേന്ദ്രം സ്ത്രീകളുടെയും കുട്ടികളുടേയും അംഗഹീനരുടെയും സാമൂഹ്യക്ഷേമത്തിനുവേണ്ടി പ്രവർത്തിച്ചുവരുന്നു. സാമൂഹ്യവിദ്യാഭ്യാസകേന്ദ്രങ്ങൾ വയോജനവിദ്യാഭ്യാസം ചെറുകിടവ്യവസായങ്ങളിൽ ജനങ്ങൾക്ക് പരിശീലനം നൽകുക മുതലായ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ ചെയ്തുവരുന്നു.

ഭക്ഷണം, പാർപ്പിടങ്ങിയവയുടെ വിതരണം ശരിയായി നടക്കുന്നില്ലെന്ന പരാതിയൊന്നും ലഭിച്ചിട്ടില്ല.

വ്യവസായങ്ങൾക്ക് വായ്പകൾ.

4. [8] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ അഞ്ചുവർഷത്തിൽ ഗവണ്മെൻറ് നേരിട്ടും അല്ലാതെയും ഏതെല്ലാം വ്യവസായങ്ങൾക്ക് വായ്പകൾ നൽകിയിട്ടുണ്ട്; എന്തു തുകകളാണ് വായ്പകൾ നൽകിയിട്ടുള്ളത്;

(ബി) തിരുവിതാംകൂർ-കൊച്ചി ഫിനാൻസ് കാർപ്പറേഷൻ, ട്രാവൻകൂർബാങ്ക് തുടങ്ങിയ അഞ്ചുഗവണ്മെൻറ് സ്ഥാപനങ്ങൾ കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ഏതെങ്കിലും വ്യവസായങ്ങൾക്ക് വായ്പകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതൊക്കെല്ലാം; എന്തു തുകകൾവീതം;

(സി) ഇങ്ങനെ സർക്കാരിൽനിന്നും നേരിട്ടും, അല്ലാതെയും വായ്പകൾ കൊണ്ട പലിശയ്ക്കുവാങ്ങി കൂടിയപലിശയ്ക്ക് വായ്പകൊടുത്തു എതെങ്കിലും വ്യവസായി ലാഭമടിക്കുന്നതായി ഗവണ്മെൻറിന് പരാതി കിട്ടിയിട്ടുണ്ടോ; അങ്ങനെ വായ്പ നൽകി വ്യവസായം വളർത്താനുള്ള പദ്ധതിയെ ആരെങ്കിലും ഒരുപയോഗപ്പെടുത്താതിരിക്കാൻ എന്തു രക്ഷാവ്യവസ്ഥയാണ് ഗവണ്മെൻറ് ഏർപ്പെടുത്തിയിട്ടുള്ളത്?

ഉത്തരം.

(എ) കൊണ്ടാ ഇലക്ട്രിക്കൽ ആൻഡ് അലൈഡ് ഇൻഡസ്ട്രീസിൻറെ തുടക്കമുതല ഗവണ്മെൻറ് ഏറ്റെടുത്തതിനെ തുടർന്ന് കമ്പനിക്ക് പ്രവർത്തന മൂലധനമായി ഒരു (45) ലക്ഷം രൂപ ഗവണ്മെൻറിൽനിന്നും നേരിട്ട സഹായധനം (വായ്പ) നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. ട്രാവൻകൂർബാങ്കിൽനിന്നും കടമായിട്ടും മറ്റും 65 എണ്ണങ്ങളിലായി 217 ലക്ഷത്തോളം രൂപയും, ഫിനാൻസ് കാർപ്പറേഷനിനിന്നും 9 കടങ്ങൾക്കായി 3,25,000 രൂപയും, 1-1-1955 തുടങ്ങി 30-6-1955 അവസാനിക്കുന്ന അഞ്ചുവർഷത്തിൽ കൊടുത്തിട്ടുണ്ട്. കടം വാങ്ങിച്ച ആളുകളുടെയോ, സ്ഥാപനങ്ങളുടെയോ പേരുവിവരങ്ങൾ ട്രാവൻകൂർ ബാങ്കിനെയും, ഫിനാൻസ് കാർപ്പറേഷനെയും സംബന്ധിച്ചിടത്തോളം പ്രസിദ്ധപ്പെടുത്താൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. വ്യവസായാഭിവൃദ്ധിക്കായി നൽകിവരുന്ന സഹായധനം(വായ്പ) ഒരു പ്രയോഗപ്പെടുത്തുന്നതായി ശ്രദ്ധയിൽപെട്ടാൽ ബാക്കി അടയ്ക്കുവാനുള്ള വായ്പസംഖ്യ ഒന്നിച്ചു പലിശ സഹിതം ഗവണ്മെൻറിലേയ്ക്ക് തിരിച്ചടപ്പിക്കുവാൻ വേണ്ട വ്യവസ്ഥ വ്യവസായവായ്പ കൊടുക്കുന്നതു സംബന്ധിച്ചുള്ള നിയമാവലിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വനഭൂമി.

5. [9] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമി വ്യക്തികൾക്കോ, സംഘടനകൾക്കോ കൊടുക്കേണ്ടതു് ഏതു തോതിലാണെന്നു് വ്യക്തമായ വല്ല നിർദ്ദേശവുമുണ്ടോ;

(ബി) Economic holding എന്ന വാക്കിനു് എന്തു നിർവ്വചനമാണു് ഗവണ്മെൻറു് ഉദ്ദേശിക്കുന്നതു്;

(സി) വൻപിടി മുതലാളിമാരുടെയും, ജന്മിമാരുടെയും കൈവശത്തിൽ ഇരിപ്പുള്ള വനഭൂമിയെ സംബന്ധിച്ചു് എന്തു നയമാണു് ഗവണ്മെൻറിനുള്ളതു്;

(ഡി) വനഭൂമി മുഴുവനും ഏറ്റെടുത്തു് സർവ്വേയും, സെറ്റിൽമെൻറും നടത്തി അർഹരായ ആളുകൾക്കു് കുത്തകപ്പാട്ട വ്യവസ്ഥയിൽ കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഒരു കുടുംബത്തിന്റെ പരിമിതമായ ആവശ്യത്തിനുള്ള സ്ഥലം.

(സി) സ്ഥലത്തു് താമസിച്ചു കൃഷി ചെയ്യുന്ന ആളുകൾക്കു് അങ്ങനെയുള്ള സ്ഥലം കൊടുക്കുന്നതാണു്. എന്നാൽ അങ്ങനെയുള്ള സ്ഥലം ഒരു Economic holding-നെക്കാളും വളരെ കൂടുതലാണെങ്കിൽ തിരിച്ചെടുക്കുന്നതും അർഹരായുള്ളവർക്കായി പുനർവിഭജനം ചെയ്യുന്നതുമാണു്.

(ഡി) വനത്തിൽനിന്നും ഒഴിവാക്കാവുന്ന സ്ഥലങ്ങൾ അപ്രകാരം ചെയ്യുന്നതിനു് നടപടികൾ സ്വീകരിച്ചിട്ടുണ്ടു്.

കുത്തകപ്പാട്ടം.

6. [10] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തകപ്പാട്ടമനുസരിച്ചുള്ള തുക കൊടുക്കാൻ നിവൃത്തിയില്ലാത്ത വളരെയധികം പാവപ്പെട്ടവർ ഉണ്ടെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) മുൻപു്, ഭൂമിപതിവു നടപടി നിലവിലിരുന്നകാലത്തു് പതിച്ചുകൊടുക്കുമ്പോൾ കുടിശ്ശിക (arrears) ഈടാക്കാൻ പാടില്ലെന്നു് വ്യവസ്ഥയുണ്ടായിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly